# 49

എന്നുള്ളമേ സ്തുതിക്ക നീ പരനെ
തൻ നന്മകൾക്കായ് സ്തുതിക്കാം സ്തുതിക്കാം
എന്നന്തരംഗമേ അനുദിനവും
നന്ദിയോടെ പാടി പുകഴ്ത്താം

1. സുരലോകസുഖം വെടിഞ്ഞു
നിന്നെ തേടിവന്ന ഇടയൻ
തന്റെ ദേഹമെന്ന തിരശീല ചിന്തി
തവ മോക്ഷമാർഗം തുറന്നു — എന്നുള്ള

2. പാപരോഗത്താൽ നീ വലഞ്ഞു
തെല്ലും ആശയില്ലാതലഞ്ഞു
പാരം കേണിടുമ്പോൾ തിരുമേനിയതിൽ
നിന്റെ വ്യാധിയെല്ലാം വഹിച്ചു — എന്നുള്ള

3. പലശോധനകൾ വരുമ്പോൾ
ഭാരങ്ങൾ പെരുകിടുമ്പോൾ
നിന്നെ കാത്തു സൂക്ഷിച്ചൊരു കാന്തനല്ലോ
നിന്റെ ഭാരമെല്ലാം ചുമന്നു — എന്നുള്ള

4. ആത്മാവിനാലെ നിറച്ചു
ആനന്ദമുള്ളിൽ പകർന്നു
പ്രത്യാശ വർദ്ധിപ്പിച്ചു പാലിച്ചിടും
തവ സ്നേഹമതിശയമേ — എന്നുള്ള